DESPATCHED
On. 20/02/2020
31/01/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.3078(4)/2014/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.19098/SIC-Gen 2/2014**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. അനീഷ്കുമാർ .റ്റി.എസ്,
തെക്കേകാലായിൽ വീട്,
മുത്തേടം പി.ഒ., ഇടക്കര,
മലപ്പുറം ജില്ല –679 331.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
അക്ഷയ സ്റ്റേറ്റ് പ്രോജക്ട് ഓഫീസ്,
ടി.സി 25/2251, മാഞ്ഞാലിക്കുളം റോഡ്,
തമ്പാനൂർ, തിരുവനന്തപുരം – 695 001.

2. അപ്പീൽ അധികാരി & ഡയറക്ടർ
അക്ഷയ സ്റ്റേറ്റ് പ്രോജക്ട് ഓഫീസ്,
ടി.സി 25/2251, മാഞ്ഞാലിക്കുളം റോഡ്,
തമ്പാനൂർ, തിരുവനന്തപുരം – 695 001.
} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ വിവര സാങ്കേതിക വകുപ്പിൽ 403/C2/14/ITD നമ്പർ ഫയലുമായി ബന്ധപ്പെട്ട 3 വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നു ചൂണ്ടിക്കാട്ടിയാണ് കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 30.01.2020ൽ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. തനിക്ക് അപ്പീലിന്മേൽ മറ്റു നടപടികൾ ഒന്നും ആവശ്യമില്ലെന്നു അറിയിച്ചുകൊണ്ട് അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിക്ക് അയച്ച ഇ-മെയിൽ കത്തിന്റെ പകർപ്പ് ഒന്നാം എതിർകക്ഷി ഹിയറിങ് വേളയിൽ കമ്മീഷൻ മുമ്പാകെ ഹാജരാക്കി.

4. ഇതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് കമ്മീഷൻ ഇന്നേ ദിവസം, 2020 ജനുവരി മാസം 31-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.